

# 'എർളി ചൈൽഡ്ഹുഡ് എജ്യൂക്കേഷൻ ആൻഡ് കെയർ സർവീസസി'ൽ നിങ്ങളുടെ കുട്ടിയെ ഒരുക്കുന്നതിനെ പിന്തുണയ്ക്കൽ

MALAYALAM

'എർളി ചൈൽഡ്ഹുഡ്' വിദ്യാഭ്യാസത്തിൽ പോസിറ്റീവായൊരു തുടക്കം പ്രധാനമാണ്. നിങ്ങൾക്കും നിങ്ങളുടെ കുടുംബത്തിനും സ്വാഗതവും സുരക്ഷിതത്വവും പിന്തുണയും അനുഭവപ്പെടണമെന്നത് സുപ്രധാനമാണ്. സേവനത്തിലെ ആദ്യ ദിവസങ്ങളിൽ, നിങ്ങളുടെ കുട്ടി മറ്റ് കുട്ടികളെ അറിയുകയും സ്വന്തം അധ്യാപകരും എജ്യൂക്കേറ്റർമാരും മറ്റ് 'എർളി ചൈൽഡ്ഹുഡ്' പ്രൊഫഷണലുകളുമായി വിശ്വാസത്തിലൂന്നിയ ഒരു ബന്ധം തുടങ്ങുകയും ചെയ്യുന്നു.

വിക്ടോറിയയിലെ 'എർളി ചൈൽഡ്ഹുഡ് എജ്യൂക്കേഷൻ ആൻഡ് കെയർ സർവീസസി'നെ നയിക്കുന്നത് *വിക്ടോറിയൻ ലേണിംഗ് ആൻഡ് ഡെവലപ്പ്മെന്റ് ഫ്രെയിംവർക്ക്* (VEYLDF) ആണ്. 'കുട്ടികളുടെ 'ഐഡന്റിറ്റിയും അവരുടെ കുടുംബവും സാംസ്ക്കാരിക ചരിത്രങ്ങളുമാണ് അവരുടെ പഠനവും വികാസവും രൂപപ്പെടുത്തുന്നത്' എന്ന് എജ്യൂക്കേറ്റർമാരെ ഈ ഫ്രെയിംവർക്ക് അറിയിക്കുന്നു. കുട്ടികളുടെ തനത് സത്വത്തെ പ്രൊഫഷണലുകൾ ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുമ്പോൾ കുട്ടികൾക്ക് തങ്ങൾ സ്വാഗതം ചെയ്യപ്പെടുന്നതായി അനുഭവപ്പെടുകയും അവർ ഏറ്റവും നന്നായി പഠിക്കുകയും ചെയ്യുന്നു' (VEYLDF, 2016, പേജ് 12). 'എർളി ചൈൽഡ്ഹുഡ് എഡ്യുക്കേഷൻ ആൻഡ് കെയർ സർവീസി'നായി കുട്ടികളെ ഒരുക്കുന്ന സമയത്തും കുട്ടികൾ സർവീസിൽ ക്രമപ്പെടുത്തപ്പെടുന്ന സമയത്തും നിങ്ങളെയും നിങ്ങളുടെ കുട്ടിയെയും പിന്തുണയ്ക്കുന്നതിന് എജ്യൂക്കേറ്റർമാർ കൈക്കൊള്ളുന്ന സമീപനങ്ങൾക്ക് ഈ ധാരണ അടിസ്ഥാനമിടും.

എജ്യൂക്കേറ്റർമാർക്കും കുടുംബങ്ങളും ഇടയിലുള്ള സഹകരണ പങ്കാളിത്തത്തെ, ഒരു ഗുണനിലവാരമുള്ള പ്രോഗ്രാമിന്റെ അടിത്തറയായാണ് 'എർളി ചൈൽഡ്ഹുഡ് എഡ്യുക്കേഷൻ ആൻഡ് കെയർ സർവീസ്' കാണുന്നത്. തുടക്കം മുതൽ തന്നെയുള്ള പരസ്പര ബഹുമാനത്തോടെയുള്ള ബന്ധങ്ങൾ, ഉയർന്ന നിലവാരമുള്ള സേവനത്തിന്റെ ശക്തമായ സൂചകമാണ്. എജ്യൂക്കേറ്റർമാർ ഊഷ്മളതയോടെ പെരുമാറുമെന്നും നിങ്ങളുടെ കുടുംബ ഭാഷയുടെ[കളുടെ] ഉപയോഗം സ്വാഗതം ചെയ്യുമെന്നും പ്രോത്സാഹിപ്പിക്കുമെന്നും നിങ്ങൾക്ക് പ്രതീക്ഷിക്കാവുന്നതാണ്.

നിങ്ങൾക്ക് ഉചിതമായ തരത്തിൽ കാര്യങ്ങൾ ബോധ്യപ്പെടുത്തിയിട്ടുണ്ടെന്നും നിങ്ങൾക്ക് ഏറ്റവും സൗകര്യപ്രദമായ ഭാഷയിൽ കൂടുതൽ ചോദ്യങ്ങൾ ചോദിക്കുന്നതിനും കൂടുതൽ വിവരങ്ങൾ തേടുന്നതിനും നിങ്ങൾക്ക് അവസരം ലഭിച്ചിട്ടുണ്ടെന്നും ഉറപ്പുവരുത്തുന്നതിന് ഒരു ടെലിഫോൺ ദ്വിഭാഷി സേവനം വഴി നിങ്ങളുമായി ആശയവിനിമയം നടത്തുന്നതിന് സേവനങ്ങൾക്ക് കഴിയും. ഇതിന് പുറമെ, നിങ്ങളുടെ കുട്ടി സേവനവുമായി ഒരു ബന്ധം രൂപപ്പെടുത്തിയെടുക്കുകയും സേവനത്തിന്റെ ഒരു അംഗമാണെന്ന ബോധം കൈവരിക്കുകയും ചെയ്യുന്ന സമയത്ത്, ഒരു ഹ്രസ്വ കാലയളവ് സമയത്തേക്ക്, നിങ്ങളുടെ കുടുംബ ഭാഷ സംസാരിക്കുന്ന ഒരു സപ്പോർട്ട് വർക്കറുടെ സഹായം നിങ്ങളുടെ കുട്ടിക്ക് ലഭ്യമായേക്കാം.

ഗുണനിലവാരമുള്ള 'എർളി ചൈൽഡ്ഹുഡ്' വിദ്യാഭ്യാസം 'കുട്ടികളുടെ പഠനത്തിലും വികാസത്തിലുമുള്ള പ്രാഥമിക സ്വാധീനം' ആയി കുടുംബങ്ങളെ തിരിച്ചറിയുന്നു (VEYLDF, 2016, പേജ് 9). 'എർളി ഇയേഴ്സ്' പ്രോഗ്രാമിന് കുടുംബം നൽകുന്ന അഭിപ്രായ നിർദ്ദേശങ്ങളും കുടുംബത്തിന്റെ പങ്കാളിത്തവും എജ്യൂക്കേറ്റർമാർ വിലമതിക്കുകയും തേടുകയും ചെയ്യുന്നു. ഇത് എജ്യൂക്കേറ്റർമാരുടെ പരിശീലനത്തെ കുറിച്ച് അറിയിക്കുക മാത്രമല്ല, കുട്ടികളുടെ വിദ്യാഭ്യാസ - പരിപാലന അന്തരീക്ഷങ്ങളിലെയും ഗാർഹിക അന്തരീക്ഷങ്ങളിലെയും ആളുകൾക്ക് ഇടയിലുള്ള വിശ്വാസവും സുരക്ഷിതത്വവും ബന്ധവും രൂപപ്പെടുത്തിയെടുക്കാൻ കുട്ടികളെ സഹായിക്കുകയും ചെയ്യുന്നു, ഇത് പഠനത്തിന്റെ അനന്തരഫലങ്ങളെ മെച്ചപ്പെടുത്തുന്നു. സേവനത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കുചേരാനും പ്രാരംഭ സെഷനുകളിൽ പങ്കെടുക്കാനും കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. ഇത് നിങ്ങളുടെ കുട്ടിക്ക് സുരക്ഷിതത്വം അനുഭവപ്പെടാനും നിങ്ങളുടെ കുട്ടി നിങ്ങൾക്കൊപ്പം ഇല്ലാതിരിക്കുമ്പോൾ സേവനത്തിൽ എന്തൊക്കെയാണ് സംഭവിക്കുന്നതെന്ന് മനസ്സിലാക്കാനും സഹായിക്കുന്നു.

നിങ്ങളുടെ 'എർളി ചൈൽഡ്ഹുഡ് സർവീസി'ന് നിങ്ങളെയും നിങ്ങളുടെ കുട്ടിയെയും സേവനങ്ങളുമായി പരിചയപ്പെടാൻ സഹായിക്കുന്ന ഒരു 'ഓറിയന്റേഷൻ പ്ലാൻ' ഉണ്ടായിരിക്കും. ഇതിൽ ഇനിപ്പറയുന്നവ ഉൾപ്പെട്ടേക്കാം;

- ഔപചാരിക ഹാജർ ആരംഭിക്കുന്നതിന് മുമ്പ് നിങ്ങളുടെ കുട്ടിക്കൊപ്പം സേവനം സന്ദർശിക്കൽ
- നിങ്ങൾക്കും നിങ്ങളുടെ കുട്ടിക്കും അസൗകര്യമൊന്നും അനുഭവപ്പെടാതിരിക്കാൻ ഹ്രസ്വമായ സെഷനുകൾക്കൊപ്പം ആരംഭിക്കലും, ദൈർഘ്യമേറിയ സെഷനുകളിലേക്ക് വികസിപ്പിക്കലും.

നിങ്ങളുടെ 'ഏർളി ചൈൽഡ്ഹുഡ്' എജ്യൂക്കേറ്റർമാർ നിങ്ങളോടൊപ്പം സമയം ചെലവിടുകയും നിങ്ങളെയും നിങ്ങളുടെ കുട്ടിയെയും കുറിച്ച് ചില ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യും. നിങ്ങളുടെ കുട്ടിയുടെ ആവശ്യകതകളെ കുറിച്ച് നന്നായി മനസ്സിലാക്കാനും നിങ്ങളുടെ കുട്ടിക്കായി പഠന അവസരങ്ങളും പോസിറ്റീവായ അനന്തരഫലങ്ങളും പരമാവധിയാക്കുന്ന ഒരു പ്രോഗ്രാം സൃഷ്ടിക്കാനും ഇത് അവരെ സഹായിക്കും.

'ഏർളി ചൈൽഡ്ഹുഡ് സർവീസസ്' നിങ്ങളോട് പങ്കിടാൻ ആവശ്യപ്പെട്ടേക്കാവുന്ന വിവരങ്ങളുടെ ഉദാഹരണങ്ങൾ ഇവിടെ നൽകിയിരിക്കുന്നു:

- കുട്ടികളുടെ ആരോഗ്യത്തെ കുറിച്ചുള്ള വിവരങ്ങൾ - പ്രതിരോധ കുത്തിവയ്പ്പിന്റെ രേഖകൾ, മെഡിക്കൽ ആവശ്യകതകൾ, അസുഖങ്ങൾ അല്ലെങ്കിൽ അലർജി.
- നാപ്പി മാറ്റുന്നതുമായി ബന്ധപ്പെട്ട മുൻഗണനകൾ, ടോയ്‌ലറ്റിൽ പോകുന്നതുമായി ബന്ധപ്പെട്ട മുൻഗണനകൾ, വീട്ടിലെ സമ്പ്രദായങ്ങൾ.
- കുട്ടികൾ കഴിക്കുന്ന ഭക്ഷണങ്ങൾ, ഭക്ഷണ സമയ ആചാരങ്ങൾ/ദിനചര്യകൾ.
- കുട്ടികളുടെ വിശ്രമ/ഉറക്ക ആവശ്യകതകൾ.
  - കട്ടിലിലാണോ കുട്ടി ഉറങ്ങുന്നത്, സ്വന്തം കിടക്കയുണ്ടോ അല്ലെങ്കിൽ മറ്റാരുടെയെങ്കിലും കൂടെയാണോ കിടക്കുന്നത്?
  - ഏതൊക്കെ പാട്ടുകളാണ് കുട്ടിയെ ആശ്വസിപ്പിക്കുക?
  - കുട്ടിക്കൊരു പ്രിയപ്പെട്ട പുസ്തകമോ പ്രത്യേക കളിപ്പാട്ടമോ പുതപ്പോ ഉണ്ടോ?
  - ഏത് സമയത്താണ് കുട്ടി സാധാരണയായി പകൽ വിശ്രമിക്കുന്നത്/ഉറങ്ങുന്നത്?
- നിങ്ങളുടെ കുടുംബത്തിന് എന്തൊക്കെ ആഘോഷങ്ങളും ചടങ്ങുകളുമാണ് പ്രധാനപ്പെട്ടത്?
- എജ്യൂക്കേറ്റർമാരുമായി നിങ്ങൾ പങ്കിടാൻ ആഗ്രഹിക്കുന്ന മറ്റേതെങ്കിലും വിവരങ്ങളും അവർ സ്വാഗതം ചെയ്യുന്നതാണ്.
- നിങ്ങളുടെ കുട്ടിയുമായി ഇടപഴകാൻ എജ്യൂക്കേറ്റർമാരെ സഹായിക്കുന്നതും അവർ അറിയണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതുമായ, നിങ്ങളുടെ കുട്ടിയെ കുറിച്ചുള്ള വിവരങ്ങളും നിങ്ങളുടെ പക്കൽ ഉണ്ടായിരിക്കും.

## നിങ്ങളുടെ കുട്ടി 'ഏർളി ചൈൽഡ്ഹുഡ് സർവീസി'ൽ ക്രമപ്പെടുത്തപ്പെടുന്ന സമയത്ത് കുട്ടിയെ പിന്തുണയ്ക്കുന്നതിനുള്ള മറ്റ് വഴികൾ

- സേവനത്തിൽ നിങ്ങളുടെ കുട്ടിക്കൊപ്പം സമയം ചെലവിടുക - നിങ്ങളുടെ കുട്ടിക്ക് സേവനത്തിന്റെ ദിനചര്യകൾ വിശദീകരിച്ച് നൽകുക, കളിക്കുക, നിങ്ങളുടെ സ്വന്തം ഭാഷയിൽ കഥകൾ വായിച്ചുകൊടുക്കുക, പാട്ടുകൾ പാടിക്കൊടുക്കുക.
- മറ്റ് കുട്ടികളുമായി ആശയവിനിമയം നടത്താൻ നിങ്ങളുടെ കുട്ടിയെ പിന്തുണയ്ക്കുക. മറ്റുള്ള കുട്ടികളുടെ അരികിൽ ഇരിക്കാൻ നിങ്ങളുടെ കുട്ടിയെ പ്രോത്സാഹിപ്പിച്ചുകൊണ്ടോ മറ്റ് കുട്ടികൾക്ക് സ്വയം പരിചയപ്പെടുത്തിക്കൊണ്ടോ പ്രവർത്തനങ്ങളിലും ഗെയിമുകളിലും പങ്കുചേർന്നുകൊണ്ടോ ഇത് ചെയ്യാവുന്നതാണ്.
- നിങ്ങളുടെ കുട്ടിയുമായും ഒരേ ഭാഷ സംസാരിക്കുന്ന മറ്റുള്ളവരുമായും സംസാരിക്കാൻ സമയം ചെലവിടുക.
- നിങ്ങളുടെ കുട്ടിക്ക് അനുഭവപ്പെടുന്നതും തോന്നുന്നതും സംബന്ധിച്ച് കുട്ടിയോട് സംസാരിക്കുക: കുട്ടിക്ക് ധൈര്യം കൊടുക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- നിങ്ങളുടെ കുട്ടിക്ക് തന്റെ എജ്യൂക്കേറ്റർമാർ ആരാണെന്നും അവരുടെ പേരുകൾ അറിയാമെന്നും എന്തെങ്കിലും സഹായം ആവശ്യമുണ്ടെങ്കിൽ അവരുടെ അടുത്ത് ചെല്ലാമെന്ന് അറിയാമെന്നും ഉറപ്പാക്കുക. കുട്ടിയുടെ എജ്യൂക്കേറ്റർമാരുടെ പേരുകൾ നിങ്ങൾക്കൊപ്പം പറയാനും സഹായം അഭ്യർത്ഥിക്കുന്ന രീതി പരിശീലിക്കാനും കുട്ടിക്ക് അവസരം നൽകുക.
- പോകുന്നതിന് മുമ്പ് എല്ലായ്പ്പോഴും 'ഗുഡ്ബൈ' പറയുക, നിങ്ങൾ പിന്നീട് മടങ്ങിവരുമെന്ന് കുട്ടിക്ക് ഉറപ്പ് നൽകുക. നിങ്ങൾ പോകുന്നതിന് മുമ്പ്, ഒരു എജ്യൂക്കേറ്റർക്കൊപ്പം ഒപ്പം/അല്ലെങ്കിൽ മറ്റ് കുട്ടികൾക്കൊപ്പം ഒരു പ്രവർത്തനത്തിൽ ഏർപ്പെടാൻ സഹായിച്ചുകൊണ്ട് നിങ്ങളുടെ കുട്ടിയെ അന്തരീക്ഷവുമായി പൊരുത്തപ്പെടുത്തുന്നത് നല്ലതാണ്.
- കുട്ടികൾക്ക് എന്തെങ്കിലും ചോദ്യങ്ങൾ ചോദിക്കാനും ആശങ്കകളോട് പ്രതികരിക്കാനും അവസരം നൽകുന്നതിന്, അവർ സേവനത്തിനായി ഹാജരാകുന്നതിന് മുമ്പ്, സേവനത്തിന്റെ ദിനചര്യകളും അന്തരീക്ഷവും കുട്ടിയുമായി രാത്രി/രാവിലെ ചർച്ച ചെയ്യുക.
- സേവന സമയത്ത് നിങ്ങളെയും നിങ്ങളുടെ കുട്ടിയെയും പിന്തുണയ്ക്കാൻ നിങ്ങളുടെ കുട്ടിയുടെ അധ്യാപകരും എജ്യൂക്കേറ്റർമാരും ഉണ്ടെന്ന കാര്യം ഓർക്കുക.

**റെഫറൻസുകൾ**

ഡിപ്പാർട്ട്മെന്റ് ഓഫ് എജ്യൂക്കേഷൻ ആൻഡ് ട്രെയിനിംഗ്, 2016. *വിക്ടോറിയൻ ഏർളി ഇയേഴ്സ് ലേണിംഗ് ആൻഡ് ഡെവലപ്പ്മെന്റ് ഫ്രെയിംവർക്ക്.*